Reg. No. : ..............................

Name : ...................................

**K19U 0460**

**VI Semester B.A. Degree (CCSS – Supplementary) Examination, April 2019**
**(2011 and Earlier Admission)**
**CORE COURSE IN MALAYALAM**
**6B 15 MAL : Athmakatha/Jeevacharithram/Sancharasahithyam**

Time : 3 Hours | Max. Weightage : 30

I. **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് **1.** **(4×1=4 വെയിറ്റേജ്)**

1) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കളുടെ പേരെഴുതുക.

   a) ഓർമ്മക്കുറിപ്പുകൾ

   b) എന്റെ കഥ

   c) ആത്മകഥാസാഹിത്യം മലയാളത്തിൽ

   d) മേച്ചിൽ സ്ഥലങ്ങൾ

2) "ഞാനും മരണവും നിങ്ങളും മരണവും ഒരുമിച്ചാണു ജനിക്കുന്നത്. മരണത്തെ നമുക്ക് പുറന്തള്ളാനാവുമോ ?

   a) ആരുടെ വാക്കുകൾ ?

   b) ആരോടാണു പറയുന്നത് ?

   c) സന്ദർഭമേത് ?

   d) ഏതു കൃതിയിലെ വാക്യം ?

3) ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക.

   a) കർമ്മവിപാകം ആരുടെ ആത്മകഥയാണ് ?

   b) ജീവിതസമരം ഏതു വിഭാഗത്തിൽപ്പെട്ട രചനയാണ് ?

   c) ബ്രഹ്മാനന്ദ ശിവയോഗിയുടെ യഥാർത്ഥ പേരെന്ത് ?

   d) പെൺവിനിമയങ്ങൾ രചിച്ചതാര് ?

P.T.O.

4) ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| a) ചങ്ങമ്പുഴ കൃഷ്ണപ്പിള്ള നക്ഷത്രങ്ങളുടെ സ്നേഹഭാജനം | – | മന്നത്തു പത്മനാഭൻ |
| b) കൊഴിഞ്ഞ ഇലകൾ | – | പി. കുഞ്ഞിരാമൻ നായർ |
| c) കവിയുടെ കാല്പാടുകൾ | – | ജോസഫ് മുണ്ടശ്ശേരി |
| d) എന്റെ ജീവിത സ്മരണകൾ | – | എം. കെ. സാനു |

5) ഉത്തരമെഴുതുക.

a) വി. ടി. ശാന്തിവേല ചെയ്തിരുന്ന ക്ഷേത്രത്തിന്റെ പേരെന്ത് ?

b) ബ്രഹ്മാനന്ദ ശിവയോഗിയുടെ പ്രശസ്തനായ ശിഷ്യൻ ആര് ?

c) മാധവിക്കുട്ടിയുടെ ആത്മകഥാപരമായ രചനയേത് ?

d) 'ആരോടും പരിഭവമില്ലാതെ' എഴുതിയതാര് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) 'കഥകളി സംഗീതത്തെ ജനപ്രിയമാക്കിയ കലാകാരനാണ് ഹൈദരാലി' – വിശദമാക്കുക.

7) മാമുക്കോയ എന്ന പുസ്തകം ഓർമ്മകളുടെ ചരിത്രപരമായ വീണ്ടെടുപ്പാകുന്നതെങ്ങനെ?

8) ദിനാന്ത്യക്കുറിപ്പുകളുടെ സൂക്ഷ്മതയും ഏകാഗ്രതയുമാണ് ചിദംബര സ്മരണയുടെ സവിശേഷത – വ്യക്തമാക്കുക.

9) ബ്രഹ്മാനന്ദ ശിവയോഗിയുടെ ആനന്ദമതസങ്കല്പം വിശദമാക്കുക.

10) ആത്മകഥാസാഹിത്യം എന്നാലെന്തെന്നു വിവരിക്കുക.

III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

11) വളർന്നു വരുന്ന ഒരാത്മാവ് എന്ന അദ്ധ്യായത്തിലൂടെ വി. ടി. പങ്കു വയ്ക്കുന്ന ജീവിതാനുഭവങ്ങൾ ഒരു വിപ്ലവകാരിയെയാണ് ഉണർത്തിയത് – വിശദമാക്കുക.

12) മലയാളത്തിലെ ആദ്യകാല ആത്മകഥകൾ പരിചയപ്പെടുത്തുക.



13) ചിദംബര സ്മരണയിലൂടെ ആവിഷ്കൃതമാകുന്ന ജീവിത ദർശനമെന്ത് ?

14) മാമുക്കോയ അഭിനയപരമായ ആനന്ദം കണ്ടെത്തിയത് സിനിമയേക്കാൾ നാടകത്തിൽ നിന്നാണ്. വിശദീകരിക്കുക.

15) തൂലികാചിത്രങ്ങൾ എന്നാലെന്തെന്ന് സോദാഹരണം വിവരിക്കുക.

16) മാമുക്കോയയും ബഷീറും തമ്മിലുള്ള സൗഹൃദത്തെ എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു ?

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

17) കേരളത്തിലെ നമ്പൂതിരി സമുദായത്തിന്റെ ചരിത്രരേഖയാണ് വി. ടി. യുടെ കണ്ണീരും കിനാവും – ചർച്ച ചെയ്യുക.

18) ആത്മകഥാ സാഹിത്യത്തിൽ 'മയിലമ്മ – ഒരു ജീവിതം' എന്ന കൃതിക്കുള്ള പ്രാധാന്യം വിശദമാക്കുക.

19) മുഹമ്മദ് അബ്ദുറഹ്മാൻ എന്ന കൃതിക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

20) മൂന്നാം കണ്ണ് എന്ന കൃതിയിലൂടെ എം. പി. നാരായണപിള്ള, മാധവിക്കുട്ടി എന്ന എഴുത്തുകാരിയെ രേഖപ്പെടുത്തുന്നതെങ്ങനെ ?

---